(സി) പഞ്ചായത്ത് മുനിസിപ്പാലിറ്റി വ്യത്യാസമില്ലാതെയാണ് നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

എൻ. ഡബ്ല്യൂ. ജി. ഡി. പി. പദ്ധതി

93 (1147) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലുള്ള തീർത്ഥങ്കര എൻ. ഡബ്ല്യൂ.ജി.ഡി.പി. പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) ഈ പ്രദേശത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഓരോ പദ്ധതിക്കും നീക്കിവച്ചിരിക്കുന്ന തുക എത്രയാണ് ; ഈ പദ്ധതി നടപ്പിലാക്കുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും എങ്ങനെയാണെന്ന് വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) നെടുമങ്ങാട് ബ്ലോക്കിലെ പനവൂർ, ആനാട് എന്നീ പഞ്ചായത്തിന്റെ ഭാഗങ്ങളും മുനിസിപ്പാലിറ്റിയുടെ ഏതാനും ഭാഗങ്ങളും ചേർന്ന് 2200 ഹെക്ടർ വിസ്തൃതിയിലുള്ളതാണ്. എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ. പദ്ധതി പ്രകാരമുള്ള തീർത്ഥങ്കര വാട്ടർ ഷെഡ്, പനവൂർ പഞ്ചായത്തിലെ വെള്ളാച്ചിറ നിന്നും ഉത്ഭവിച്ച് കിള്ളിയാറായി മാറുന്ന തീർത്ഥങ്കരതോടും കിള്ളിയാറിൽ നിന്നു തന്നെ വന്നുചേരുന്ന കാക്കത്തോടും ഉൾപ്പെട്ട ഭൂപ്രദേശങ്ങളാണ് ഈ നീർത്തടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ. പദ്ധതിയല്ലാതെ മറ്റു മണ്ണ് സംരക്ഷണ പദ്ധതികളൊന്നും ഈ പ്രദേശത്ത് ഇപ്പോൾ നടപ്പാക്കി വരുന്നില്ല.

(സി) തീർത്ഥങ്കര നീർത്തട പദ്ധതി നടപ്പിലാക്കാനായി 132 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

10-ാം പദ്ധതിയിൽ എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ. നടപ്പിലാക്കുന്നത് സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ്.

പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വാട്ടർഷെഡ് തലത്തിലും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പദ്ധതി നടത്തിപ്പിന്റെ ചുമതല പ്രിൻസിപ്പൽ കൃഷി ഓഫീസർ തലവനായുള്ള ജില്ലാ നോഡൽ ഏജൻസിയ്ക്കാണ്. വാട്ടർഷെഡ് തലത്തിൽ പദ്ധതി നടത്തിപ്പിനായി ഉപഭോക്തൃ സംഘങ്ങളും സ്വയംസഹായ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത വാട്ടർഷെഡിലെ ഭൂവുടമകളെ ഉപഭോക്തൃ സംഘത്തിലും ഭൂരഹിതരേയും പരിമിത ഭൂവുടമകളെയും സ്വയംസഹായ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഉപഭോക്തൃ സംഘത്തിലെയും സ്വയം സഹായസംഘത്തിലെയും അംഗങ്ങളെയും ഇവയിൽ ഒന്നിലും അംഗമാകാതെ വാട്ടർഷെഡ് പ്രദേശത്ത് അവശേഷിക്കുന്ന കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്ന മറ്റ് അംഗങ്ങളെയും ചേർത്ത് വാട്ടർ ഷെഡ് അസോസിയേഷൻ രൂപീകരിക്കുകയും സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. പ്രസിഡന്റിനെ തെരഞ്ഞെടുത്തശേഷം വാട്ടർഷെഡ് അസോസിയേഷൻ അതിന്റെ പ്രവർത്തന രൂപരേഖ സ്വയം തയാറാക്കുകയും വാട്ടർഷെഡിന്റെ വികസന പ്രവർത്തനങ്ങൾ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്.

ചാലക്കുടി നിയോജകമണ്ഡലത്തിലെ നായ മേലിത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

94 (1148) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ മേഴൂർ, കൊരട്ടി പഞ്ചായത്തുകളിലും അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി പഞ്ചായത്തിലുമായി വ്യാപിച്ചുകിടക്കുന്ന 1084 ഹെക്ടർ കൃഷിയിടത്തേക്ക് പ്രയോജനം ചെയ്യുന്ന നായ മേലിത്തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

(ബി) മണ്ണു സംരക്ഷണത്തിനാവശ്യമായ കോണ്ടൂർ ബണ്ടുകൾ, കോണ്ടൂർ ട്രെഞ്ചുകൾ, തോടിന്റെ പാർശ്വ സംരക്ഷണം, സ്ലൂയിസ്, റാമ്പ്, അഗ്രോ ഫോറസ്ട്രറി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഇനങ്ങൾ.

(സി) 133 ലക്ഷം രൂപ.

(ഡി) 2005 മാർച്ച് 31-ന് മുമ്പ്.

LIBRARY ARCHIVES Kerala Legislative Assembly